## File No.LSGD-FM2/175/2020-LSGD

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ആംബുലൻസുകളുടെ ആവർത്തന ചെലവുകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കുന്നതിനുള്ള - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

സ.ഉ.(സാധാ) നം.1089/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി,03/06/2021

---

പരാമർശം:-പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 28/04/2020ലെ അപേക്ഷ

2. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റ് സമർപ്പിച്ച 04/12/2019 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള ആംബുലൻസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന ഡ്രൈവർമാരുടെ വേതനം പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കിയത്, ഓഡിറ്റിൽ തടസ്സം ഉന്നയിച്ച സാഹചര്യത്തിൽ, തടസ്സം ഒഴിവാക്കുന്നതിനും സാധൂകരണത്തിനുമായി കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തൃശ്ശൂർ ജില്ലാ പ്രസിഡന്റും , ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ . കെ . കെ . സതീശൻ നല്കിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആയത് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള ആംബുലൻസുകളുടെ ആവർത്തന ചെലവുകൾ തനതു ഫണ്ട് / പ്ലാൻ ഫണ്ട് വകയിരുത്തി പദ്ധതി പ്രകാരം വഹിക്കുന്നതിനുള്ള അനുമതി നൽകുന്നതോടൊപ്പം, ഓഡിറ്റ് തടസ്സം ഒഴിവാക്കി പദ്ധതി പ്രവർത്തനത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ